No.CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

**കേരള എഞ്ചിനീയറിംഗ് /ആർക്കിടെക്ച്ചർ/മെഡിക്കൽ/ഡെന്റൽ പ്രവേശനം 2013 : കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ്/രജിസ്റ്റേർഡ് സൊസൈറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിലെ അലോട്ടുമെന്റ്**

(G.O.(Ms)No.265/2013 /H.Edn. dated 13.06 .2013)
(G.O.(Ms)No.266/2013 /H.Edn. dated 13.06 .2013)
(G.O.(Rt)No.1974/2013 /H &FWD. dated 07.06 .2013)
(G.O.(Rt)No.2022/2013 /H &FWD. dated 12.06 .2013)

മേൽ സർക്കാർ ഉത്തരവുകൾ അനുസരിച്ച് 15% കമ്മ്യൂണിറ്റി/ട്രസ്റ്റ്/രജിസ്റ്റേർഡ് സൊസൈറ്റി ക്വാട്ടയിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്താൻ ഉത്തരവായിട്ടുണ്ട്. ഇങ്ങനെയുള്ള 15% സീറ്റിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവരുടെ കമ്മ്യൂണിറ്റി/ട്രസ്റ്റ് അല്ലെങ്കിൽ രജിസ്ട്രേഡ് സൊസൈറ്റി അംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. എന്നാൽ SEBC കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷയോടൊപ്പം ലഭിച്ചിട്ടുണ്ട്. ആയതിനാൽ അവർ പുതുതായി കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. കൂടാതെ ഇതേ സമുദായത്തിൽപ്പെട്ടവരും എന്നാൽ വരുമാനം നാലര ലക്ഷത്തിൽ കവിഞ്ഞവരും ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾ അവരുടെ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും വാങ്ങി സമർപ്പിക്കാവുന്നതാണ്.

മറ്റ് കമ്മ്യൂണിറ്റികളിൽപ്പെടുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളെ സമീപിച്ച് അവരുടെ കമ്മ്യൂണിറ്റി രജിസ്റ്റർ ചെയ്യേണ്ടതാണ്. അതുപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട കോളേജധികാരികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടാതണ്.

രജിസ്റ്റേർഡ് സൊസൈറ്റി/ട്രസ്റ്റ് എന്നിവയുടെ നിയന്ത്രണത്തിലുള്ള കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ അതത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതും അതുപ്രകാരം അപേക്ഷിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട കോളേജധികാരികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ഇത്തരം അപേക്ഷകരായ വിദ്യാർത്ഥികളുടെ അംഗത്വ നമ്പർ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇപ്രകാരമുള്ള അപേക്ഷകളും, കോളേജധികാരികൾ സമർപ്പിക്കുന്ന ലിസ്റ്റും **ജൂൺ 26 വൈകുന്നേരം 5 മണിക്ക്** മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഇത്തരത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓപ്ഷൻ ക്ഷണിക്കുമ്പോൾ മറ്റ് ഓപ്ഷനുകളോടൊപ്പം കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായ കോളേജുകളിലേക്കുള്ള ഓപ്ഷനുകളും നൽകേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19.06.2013